**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3363** **11.05.2017-ൽ മറുപടിയ്ക്ക്**

# തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക് / കാഷ്യർ നിയമനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ഒ. രാജഗോപാൽ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക് / കാഷ്യർ തസ്തികയിലേക്ക് പി.എസ്.സി മുഖേന 2017 മാർച്ച് മാസം പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനത്തിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ പുതിയ ശാഖകൾ ആരംഭിക്കുന്നതിനും കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനും സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (ബി) | തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ പുതിയ ശാഖകൾ ആരംഭിക്കുന്നതിനും കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സർക്കാരിന്റെ സജീവ പരിഗണനയിലുള്ളതിനാലാണ് നിലവിൽ ജില്ലാ സഹകരണ ബാങ്കുകളുടെ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിനും പുതിയ ശാഖകൾ ആരംഭിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്. ജില്ലാ സഹകരണ ബാങ്കുകളിൽ പി.എസ്. സി. മുഖേന നടത്തുന്ന നിയമനങ്ങൾക്ക് നിലവിൽ യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ